**പതിമൂന്നാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 413. 11.06.2013 ൽ മറുപടിയ്ക്ക്.

ബീക്കൺ ലൈറ്റും ഔദ്യോഗിക ബോർഡും

| ചോദ്യം<br>ശ്രീ. സി. മോയിൻകുട്ടി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പമന്ത്രി |
|---|---|---|
| (എ) ഔദ്യോഗിക വാഹനത്തിൽ ബീക്കൺ ലൈറ്റ്, ഔദ്യോഗിക ബോർഡ് എന്നിവ ഉപയോഗി-ക്കുന്നത് സംബന്ധിച്ച് വ്യക്തമായ ഉത്തരവുണ്ടായിട്ടും നിയമം ലംഘിക്കപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | ഉണ്ട്.<br>അനധികൃതമായി 'കേരള സർക്കാർ' തുടങ്ങിയ ബോർഡുകൾ ഉപയോഗിക്കരുത് എന്ന് നിർദ്ദേശിച്ചുകൊണ്ട് വിവിധ വകുപ്പുകൾക്ക് കത്തെഴുതിയിട്ടുണ്ട്. അനധികൃതമായി ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ പ്രസ്തുത ബീക്കൺ ലൈറ്റ് നീക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ചാർജ്ജ് മെമ്മോ നൽകണമെന്നും ചാർജ്ജ് മെമ്മോ നൽകിയതിനു ശേഷവും ബീക്കൺ ലൈറ്റ് നീക്കിയില്ലായെങ്കിൽ പ്രസ്തുത വാഹനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുവാൻ നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് മോട്ടോർവാഹന വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ചില മേയർമാർ ഗവൺമെന്റിന്റെ ഉത്തരവ് ലംഘിച്ച് ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിച്ചു വരുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചു ; ആർക്കൊക്കെ എതിരെ നടപടി സ്വീകരിച്ചു ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ ? | (ബി) | മേയർമാർ ഉത്തരവ് ലംഘിച്ച് ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.